പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4550 21.03.2018- ൽ മറുപടിയ്ക്ക്

**ഷെൽട്ടർ ഹോമുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി. | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | അലഞ്ഞുതിരിയുന്നവർക്കും മനോദൗർബല്യമുള്ളവർക്കും വേണ്ടി ഷെൽട്ടർ ഹോമുകൾ എല്ലാ ജില്ലകളിലും തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | മനോ ദൗർബല്യമുള്ളവരെ പാർപ്പിക്കുന്ന-തിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ 4 ജില്ലകളിലായി 6 ആശാഭവനുകൾ പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും , ആശാഭവനുകൾ ആരംഭിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും നിർദ്ദേശം നൽകി തുടർ നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ ആശാഭവനുകൾ ഇല്ലാത്ത ജില്ലകളിൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിൽ ആരംഭിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം വിഭാഗക്കാരെ സംരക്ഷിക്കുന്നതിനു വേണ്ടി മുൻ കാലങ്ങളിൽ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയാണെ-ന്നറിയിക്കാമോ? | (ബി) | മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി മൂന്ന് സ്ഥാപനങ്ങൾ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ പുരുഷൻമാർക്കുള്ള പ്രതീക്ഷാഭവൻ, തൃശ്ശൂർ ജില്ലയിൽ സ്ത്രീകൾക്കായുള്ള പ്രത്യാശ ഭവൻ, കോഴിക്കോട് ജില്ലയിൽ കുട്ടികൾക്കുള്ള HMDC എന്നീ സ്ഥാപനങ്ങൾ കൂടാതെ മനോദൗർബല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി INHANS മുഖേന Day Care Centre, Mobile Mental Health Centre എന്നിവയും നടപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ